## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4859 24.07.2015-ൽ മറുപടിക്ക്

## കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ.എ.പ്രദീപ്കുമാർ**

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഡോക്ടർ ഇല്ലാത്തതുകാരണം പ്രസ്തുത ആശുപത്രിയിലെ ചർമ്മരോഗ വിഭാഗം ഒ.പി. അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

കൺസൾട്ടന്റ് (മെഡിസിൻ) - 1
കൺസൾട്ടന്റ് (ഡെർമറ്റോളജി) - 1
കൺസൾട്ടന്റ് (അനസ്തേഷ്യ) – 1
കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 2
കൺസൾട്ടന്റ് (ഇ.എൻ.റ്റി) - 2
ഡെപ്യൂട്ടി സൂപ്രണ്ട് - 1

(ബി) & (സി) കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ചർമ്മരോഗ വിഭാഗത്തിൽ ഒരു കൺസൾട്ടന്റിന്റേയും ഒരു ജൂനിയർ കൺസൾട്ടന്റിന്റേയും തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ കൺസൾട്ടന്റ് തസ്തിക റിട്ടയർമെന്റിനെ തുടർന്ന് 01.04.2015 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് ഡോ.രേണുക ഡെങ്കിപ്പനിയെത്തുടർന്ന് 19 ദിവസത്തോളം (12.06.2015 മുതൽ 30.06.2015 വരെ) അവധിയിലായിരുന്നു. പ്രസ്തുത കാലയളവിൽ ചർമ്മരോഗവിഭാഗം ഒ.പി പ്രവർത്തിച്ചിരുന്നില്ല. ഡോക്ടർ ജോലിയിൽ പ്രവേശിച്ചതിനെത്തുടർന്ന് ചർമ്മരോഗ വിഭാഗം ഒ.പി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒഴിവുള്ള കൺസൾട്ടന്റ് തസ്തിക നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ